**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **20-06-2024 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ.യിൽ ഡി.സി.എ. കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി.ഇ. കൊമേഴ്സ് പരീക്ഷയിൽ പുതിയ വിഷയമായി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) ഉൾപ്പെടുത്തണമെന്ന അപേക്ഷയിൽ (10740/എച്ച്.ഇഡിഎൻ./2023/എം (എച്ച്.ഇഡിഎൻ.&എസ്.ജെ) തീയതി 09.11.2023) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് & റിസർച്ച് (SITTTR) ന് 03.01.2024 തീയതിയിലെ C4/48343/23/DTE കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട് .** |
| (ബി) | പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച്, കളമശ്ശേരി എസ്.ഐ.റ്റി.റ്റി.റ്റി.ആർ. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 03.01.2024 തീയതിയിലെ **C4/48343/23/DTE കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |
| (സി) | പ്രസ്തുത വിഷയത്തിൽ എസ്.ഐ.റ്റി.റ്റി.റ്റി.ആർ. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ ഡി.സി.എ. സർട്ടിഫിക്കറ്റ് ലഭിക്കാൻ സാഹചര്യമൊരുക്കുന്നവിധം കെ.ജി.റ്റി.ഇ. പരീക്ഷയിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | സർക്കാർ പോളിടെക്നിക് കോളേജുകളിൽ കൊമേഴ്സ്യൽ പ്രാക്ടീസ് പ്രോഗ്രാം, സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് പ്രോഗ്രാം എന്നീ കോഴ്സുകൾ നടത്തുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ഫീസ് ഇളവോട്ടുകൂടിയും വിദ്യാഭ്യാസ ധനസഹായത്തോട്ടുകൂടിയുമാണ് വിദ്യാർത്ഥികൾ പഠിച്ചുവരുന്നത്. സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ്,റ്റൂട്രോണിക്സ്, സി-ഡാക്, കെൽട്രോൺ, IHRD തുടങ്ങിയ നിരവധി സ്ഥാപനങ്ങളിൽ സർക്കാർ അംഗീകൃത DCA കോഴ്സ് കുറഞ്ഞ ചിലവിൽ നടത്തി വരുന്നു. കെ.ജി.ടി.ഇ (കൊമേഴ്സ്) പരീക്ഷകളിൽ പുതിയ വിഷയമായി |

| | | | |
|---|---|---|---|
| | | | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA) സർട്ടിഫിക്കറ്റ് കോഴ്സുകൂടി ഉൾപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | പ്രസ്തുത വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307
തീയതി: 03.01.2024

നമ്പർ. C4/48343/23/ഡി.ടി.ഇ

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ജോയിൻറ് ഡയറക്ടർ
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ആൻറ് റിസർച്ച്
കളമശ്ശേരി ,എറണാകുളം

സർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക്(എ) സെക്ഷൻ - കെജിടിഇ (കൊമേഴ്സ് ) പരീക്ഷയിൽ പുതിയ വിഷയമായി DCA ഉൾപ്പെടുത്തണമെന്നുള്ള നിവേദനത്തിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- ബഹു. ഉന്നത വകുപ്പ് മന്ത്രി ഓഫീസിൽ നിന്നുള്ള കത്ത് നം.10740/HEDN/M (H.Edn &SJ)

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചന പ്രകാരം ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓണേഴ്സ് വെൽഫയർ അസോസിയേഷൻ സെക്രട്ടറി ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനം പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു. സൂചന കത്തിൻറെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം : മേൽപ്പറഞ്ഞത്

വിശ്വസ്തതയോടെ
ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 03.01.2024
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File C4/48343/23/DTE Approved by Senior Joint Director (PS) on 03-Jan-2024 02:58 PM - Page 1